**A** | | **502**

വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

# പാദവാർഷിക മൂല്യനിർണയം 2017–18

## മലയാളം

സ്റ്റാൻഡേർഡ് – 5 | കേരളപാഠാവലി | സമയം –2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യ നിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കേണ്ടതാണ്.
2. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം.

**പ്രവർത്തനം 1**

"കോയസ്സൻ നിറഞ്ഞ കണ്ണു തുടച്ചിട്ട് മടങ്ങിപ്പോയി. അപ്പു കോയസ്സൻ പോകുന്നതു നോക്കിക്കൊണ്ടു നിൽക്കുമ്പോൾ പടിക്കൽ കാറിന്റെ ഹോൺ കേട്ടു. ഉണ്ണിമാമൻ വന്നു". അപ്പുവിന്റെ വീട്ടിൽ താമസിച്ചിരുന്ന പാവം കോയസ്സനെ നിങ്ങൾക്കും ഇഷ്ടമായിരുന്നില്ലേ? വീടു വിട്ടിറങ്ങിയ കോയസ്സന് പിന്നെന്തു സംഭവിച്ചിട്ടുണ്ടാകും? നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ....? കോയസ്സന്റെ ബാക്കി ജീവിതം എങ്ങനെയായിരിക്കും..? **കഥയായി** എഴുതുക...

**പ്രവർത്തനം 2**

'മലയാള നാടേ ജയിച്ചാലും' എന്ന പാഠഭാഗം പഠിപ്പിച്ച ശേഷം മലയാളത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞ 'രമണൻ' എന്ന കൃതി ടീച്ചർ മാളുവിന് കൊടുത്തു. അതിൽ ചങ്ങമ്പുഴയെക്കുറിച്ചുണ്ടായിരുന്ന ചില വിവരങ്ങൾ അവൾ പുസ്തകത്തിൽ കുറിച്ചു.

- മരണം–1948 ജൂൺ 17 (37–ാംവയസ്സിൽ)
- മലയാളത്തിലെ ഓർഫ്യൂസ്
- സംഗീതമധുരമായ ഭാഷ
- ആത്മകഥ- തുടിക്കുന്ന താളുകൾ
- ആത്മസുഹൃത്ത്- കവി ഇടപ്പള്ളി രാഘവൻ പിള്ള
- ജനനം–1911 ഒക്ടോബർ 10 എറണാകുളം ജില്ലയിലെ ഇടപ്പള്ളി
- പ്രധാനകൃതികൾ –വാഴക്കുല, കാവ്യനർത്തകി, സ്വരരാഗസുധ, യവനിക, സ്പന്ദിക്കുന്ന അസ്ഥിമാടം,

**എ)** പാഠഭാഗത്തിലെ ആശയങ്ങളും മാളു കുറിച്ച വിവരങ്ങളും ചേർത്ത് ചങ്ങമ്പുഴയെക്കുറിച്ച് ഒ **ജീവചരിത്രക്കുറിപ്പ്** തയാറാക്കുക.

**ബി)** 'ഒരു തൈമരത്തിൽ തളിർത്ത കൊമ്പ-
ത്തൊരു പച്ചത്തത്തമ്മ കൂടുകൂട്ടി'
ഈ വരികളിൽ ചങ്ങമ്പുഴ സൂചിപ്പിക്കുന്നത് ആരെക്കുറിച്ചാണ് ?
(ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ)

**പ്രവർത്തനം 3**

പ്രപഞ്ചോൽപ്പത്തിക്കുശേഷം അനാഥമായി കിടന്ന ഭൂമിയിലേക്ക് മനുഷ്യൻ കടന്നുവന്നതോ ണ്ടായ മാറ്റങ്ങളാണ് വയലാർ രാമവർമ്മയുടെ 'ഭൂമി സനാഥയാണ് ' എന്ന കവിതയിലൂടെ നി കണ്ടത്.



http://11360ssaupssheni.blogspot.in/

**മനുഷ്യന്റെ കൈകൾ**

മനുഷ്യന്റെ കൈകൾ മനുഷ്യന്റെ കൈകൾ
കടുംപാറ പൊട്ടിച്ചുടയ്ക്കുന്ന കൈകൾ
ഇരുമ്പൊത്തു തല്ലിത്തെളിച്ച കൈകൾ
ഉലയ്ക്കുള്ളിലൂതി പഴുപ്പിച്ച കൈകൾ
കലപ്പക്കൊഴുത്തിൽ തുടിക്കുന്ന കൈകൾ
കൊഴുക്കുന്ന ചേറിൽ പുളയ്ക്കുന്ന കൈകൾ
വിഴുപ്പായ ലോകം വിയർപ്പിൽ കുതിർത്തി
വെളുക്കുംവരെ തച്ചലക്കുന്ന കൈകൾ

(ബാലചന്ദ്രൻ ചുള്ളിക്കാട്)

'ഭൂമി സനാഥയാണ്', 'മനുഷ്യന്റെ കൈകൾ ' എന്നീ രണ്ടു കവിതകളുടെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

**പ്രവർത്തനം 4**

" ലൈലയ്ക്കും സെയ്ദുമുഹമ്മദിനും നാണം തോന്നിത്തുടങ്ങിയിട്ടില്ല. ഉണ്ടായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു ! എന്റെ പക്കൽ രണ്ടു മുണ്ടേ ഉള്ളൂ."

നിങ്ങൾ പഠിച്ച 'പാത്തുമ്മയുടെആട് ' എന്ന പാഠഭാഗം അവസാനിക്കുന്നത് ഇങ്ങനെയാണ്.കഥ നിങ്ങൾക്ക് ഇഷ്ടമായോ ? കഥയിലെ പ്രധാനസംഭവങ്ങൾ , കഥാപാത്രങ്ങൾ, അവരുടെ പ്രത്യേകതകൾ, ബഷീറിന്റെ എഴുത്തുരീതി എന്നിവ പരിഗണിച്ച് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 5**

"ഭൂമി ഒരു ഗോളമാണെന്ന തോന്നൽ നമുക്കെല്ലാവർക്കുമുണ്ട്. എന്നാൽ ഭൂമിയെ അതിന്റെ തനിരൂപത്തിൽ ആദ്യമായി കാണാൻ ഭാഗ്യം സിദ്ധിച്ചത് യൂറി ഗഗാറിനായിരുന്നു "

ബഹിരാകാശത്തു നിന്ന് തിരിച്ചുവന്ന യൂറി ഗഗാറിൻ തന്റെ യാത്രയെക്കുറിച്ചും കണ്ട കാഴ്ചകളെക്കുറിച്ചും ഒരു **വിവരണം** തയാറാക്കി . എന്തൊക്കെയായിരിക്കും അദ്ദേഹം എഴുതിയിട്ടുണ്ടാവുക. നിങ്ങളും എഴുതി നോക്കൂ.

**പ്രവർത്തനം 6**

- പുകയിലയും ചായപ്പൊടിയും കോയസ്സൻ വാങ്ങിയാൽ നന്നാവും എന്ന് വലിയച്ഛൻ പറയാറുണ്ട്.
- കോയസ്സന് അപ്പുവിനെ എത്ര ഇഷ്ടമായിരുന്നു!
- തലപ്പാവു ചുളിഞ്ഞാൽ കോയസ്സനു കരച്ചിൽ വരും
- കോയസ്സന് നല്ല ബുദ്ധിയുണ്ടെന്ന് അപ്പുവിന് മനസ്സിലായി.

കഥാകൃത്ത് കോയസ്സനെന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചില സന്ദർഭങ്ങളാണ് ഇത്. നിങ്ങളുടെ നിരീക്ഷണങ്ങൾ കൂടി ചേർത്ത് 'കോയസ്സൻ' എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണക്കുറിപ്പ് തയാറാക്കുക.



http://11360ssaupssheni.blogspot.in/